# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 548 09.06.2015 -ൽ മറുപടിക്ക്**

**പ്രാബല്യത്തിൽ ഉള്ള നിയമങ്ങളുടെ വിവരശേഖരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. എ. കെ. ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗപിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) | ഏതെല്ലാം നിയമങ്ങൾ ഇപ്പോൾ പ്രാബല്യത്തിൽ ഉണ്ടെന്നതു സംബന്ധിച്ച് വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കുമോ ? | 2016 ജനുവരി 1-ാം തീയതിയിൽ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള സംസ്ഥാന-കേന്ദ്ര നിയമങ്ങളുടെ പേര് ഉൾപ്പെടുത്തിയ "List of Enactments applicable to Kerala as on 1st January, 2016" എന്ന പുസ്തകം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പ്രസ്തുത നിയമങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിലുള്ള കാലവിളംബത്തിനുള്ള കാരണം വിശദമാക്കുമോ; | 2001 ജനുവരി 1-ാം തീയതി വരെ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള സംസ്ഥാന കേന്ദ്ര നിയമങ്ങളുടെ ലിസ്റ്റ് നിയമ (ലെഗ്-പബ്ലിക്കേഷൻ) വകുപ്പ് നേരത്തെ തയ്യാറാക്കി പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി 01.01.2001 മുതൽ 01.01.2014 വരെ സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള സംസ്ഥാന കേന്ദ്ര നിയമങ്ങളുടെ ഒരു കരട് ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത കരട് ലിസ്റ്റ് നിയമവകുപ്പിലെ എല്ലാ നിയമ (നിയമ- നിർമ്മാണ) വകുപ്പുകളുടെയും സൂക്ഷ്മ പരിശോധനയ്ക്കും അഭിപ്രായത്തിനും ശേഷം സമഗ്രമായ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരണത്തിനായി നൽകുകയാണ് ഉണ്ടായത്. ആയത് നിരവധി തവണ സൂക്ഷ്മ പരിശോധനയ്ക്കും തിരുത്തലുകൾക്കും |

| | | |
|---|---|---|
| | | വിധേയമാക്കി തയ്യാറാക്കിയ പുതുക്കിയ പട്ടികയുടെ അടിസ്ഥാനത്തിൽ "List of Enactments applicable to Kerala as on 1st January, 2016" എന്ന പുസ്തകം ഗവൺമെന്റ് പ്രസ്സിൽ നിന്നും അച്ചടിച്ച് ലഭ്യമാക്കിയത് ഇപ്പോഴാണ്. |
| (സി) | ഭേദഗതി നിയമങ്ങൾ പ്രകാരം ആവശ്യമായ മാറ്റം മൂല നിയമത്തിൽ വരുത്തി പ്രസിദ്ധപ്പെടുത്തുകയും ഭേദഗതി നിയമങ്ങൾ റദ്ദാക്കുകയും ചെയ്യുന്ന നടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഏതു വർഷം വരെയുള്ള നിയമങ്ങൾ അപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്? | പത്തുവർഷക്കാലയളവിൽ, കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങളും, അവയുടെ ഭേദഗതികളും കൂടാതെ ടി കാലയളവിലെ കേന്ദ്ര നിയമങ്ങളുടെ കേരള ഭേദഗതിയും കൂടി ഉൾപ്പെടുത്തി 'കേരള കോഡ്' എന്ന പേരിൽ ഈ വകുപ്പിൽ നിന്നും പുസ്തകമായി പ്രസിദ്ധീകരിക്കാറുണ്ട്. 2005-ലെ 18-ാം നമ്പർ ഓർഡിനൻസ് പ്രകാരം കാലഹരണപ്പെട്ടതും ഭേദഗതി നിയമങ്ങളും ഉൾപ്പെടെ 697 നിയമങ്ങൾ റദ്ദാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്യുന്ന നിയമങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. 2000 വരെയുള്ള നിയമങ്ങൾ ഉൾപ്പെടുത്തി കേരള കോഡ് വാല്യം 6 വരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, കേരള കോഡ് വാല്യം-7 ന്റെ (2001-2010) പ്രസിദ്ധീകരണ ജോലികൾ പുരോഗമിച്ചുവരുന്നു. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ